**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം ,തിരുവനന്തപുരം**

വിഷയം:- ആവഡ-ജീവനക്കാര്യം-പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ഡോ.സിന്ധു.വി, ഡോ.സുചരിത.എം .എം , ഡോ.ഭവിത.എസ്.ദേവൻ എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) 1046/2024, 1047/2024, 1048/2024 എന്നീ നമ്പർ കേസിന്മേലുള്ള 5/8/2024-ലെ ഉത്തരവ് അനുപാലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) OA(EKM ) 1046/2024, 1047/2024, 1048/2024 എന്നീ നമ്പർ കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യുണലിൻ്റെ 5/8/2024-ലെ ഉത്തരവ്.

2)പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ഡോ.സിന്ധു.വി സമർപ്പിച്ച Annexure A5 പ്രകാരമുള്ള 02/8/2024- ലെ നിവേദനം.

3)പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ഡോ.സുചരിത.എം.എം സമർപ്പിച്ച Annexure A9 പ്രകാരമുള്ള 02/8/2024 - ലെ നിവേദനം

4)പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ഡോ.ഭവിത.എസ്.ദേവൻ സമർപ്പിച്ച Annexure A5 പ്രകാരമുള്ള 02/8/2024- ലെ നിവേദനം

5)ഉത്തരവ് നം.ഇ.ബി4-9298/24/ആവഡ തീയതി 01/8/2024

**ഉത്തരവ് നം : ഇ.ബി4/18510 /2024 ആവഡ തിയതി : 22-08-2024**

പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ

2024 പൊതുസ്ഥലമാറ്റവുമായി ബന്ധപ്പെട്ടു ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്സ്)ഡോ.സിന്ധു.വി,ഡോ.സുചരിത.എം.എം, ഡോ.ഭവിത. എസ്.ദേവൻ എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം മുമ്പാകെ **OA(EKM) 1046/2024, 1047/2024, 1048/2024** എന്നീ കേസുകൾ ഫയൽ ചെയ്തിരുന്നു. പരാമർശം **5** ലെ പൊതുസ്ഥലമാറ്റം നടപ്പിലാക്കുന്നതിന് മുന്പ്/ ഫൈനലൈസ് ചെയ്യുന്നതിന് മുൻപ് അപേക്ഷകർ സമർപ്പിച്ചിട്ടുള്ള **Annexure A5, Annexure A9** പ്രകാരമുള്ള അപേക്ഷകളിലെ ഒബ്ജെക്ഷനുകൾ രണ്ടാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് ഡയറക്ടർ പരിഗണിക്കണമെന്ന് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം **(1)** പ്രകാരം ഉത്തരവ് വിധി ന്യായത്തിൽ നിർദേശിച്ചിട്ടുണ്ട്.

**2.** പരാമർശം 2-ലെ **Annexure A5 (OA(EKM)1046/24)** നിവേദനത്തിൽ താഴെപ്പറയുന്ന വാദങ്ങളാണ് ഹർജിക്കാരി **(Dr.Sindu.V)** ഉന്നയിച്ചിരിക്കുന്നത്.

**( i ) .** ടിയാളെ **2014** നവംബറിൽ വയനാട് വൈത്തിരി താലൂക്കാശുപത്രിയിലേയ്ക്കും **2020** മെയ്-ൽ കുറ്റ്യാടി താലൂക്കാശുപത്രിയിലേക്കും പോസ്റ്റ് ചെയ്തിരുന്നു . രണ്ട് സ്റ്റേഷനുകളും താമസസ്ഥലത്തു നിന്നും **70** കിലോമീറ്റർ അകലെയായിരുന്നു.

**(ii). 2024** ലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ പൊതുസ്ഥലമാറ്റത്തിലെ താൽക്കാലിക ലിസ്റ്റിൽ താലൂക്കാശുപത്രി പേരാമ്പ്ര നൽകിയിരുന്നു. പക്ഷേ പരാമർശം **5** പ്രകാരമുള്ള ഫൈനൽ ലിസ്റ്റിൽ ഓപ്ഷൻ നല്കിയിട്ടില്ലാത്ത പാലക്കാട് ജില്ലയിലെ സ്ഥാപനത്തിലേക്കാണ് സ്ഥലമാറ്റം നൽകിയിരിക്കുന്നത് .

**(iii).** പരാമർശം **5** പ്രകാരമുള്ള പൊതുസ്ഥലമാറ്റ ഫൈനൽ ഉത്തരവിൽ ടിയാളെക്കാളും ജൂനിയർ ആയ ഡോ.ധന്യനാരായണൻ,ഡോ.രമ്യ രവീന്ദ്രൻ എന്നിവരെ കോഴിക്കോട് ജില്ലയ്ക്കകത്ത് **15** കി.മീ ഉള്ളിൽ നിലനിർത്തി .

**(iv).** തന്റെ ഭർത്താവ് മഹാരാഷ്ട്രയിൽ ആണ് ജോലി ചെയ്യുന്നത്. ജില്ലയ്ക്ക്

പുറത്ത് 3 പ്രാവശ്യം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ആയതിനാൽ പേരാമ്പ്ര താലൂക്ക് ആശുപത്രിയിലേക്ക് സ്ഥലമാറ്റം നൽകുകയോ കുറ്റ്യാടി താലൂക്കാശുപത്രിയിൽ നിലനിർത്തുകയോ ചെയ്യണമെന്നാണ് ഡോ.സിന്ധു.വി യുടെ ആവശ്യം.

**3. ഡോ.സിന്ധു.വി യുടെ മേല്പറഞ്ഞ വാദഗതികൾ വിശദമായി പരിശോധിച്ചു**

06/5/2020 മുതൽ കുറ്റിയാടി താലൂക്കാശുപത്രി യിൽ സേവനമനുഷ്ഠിക്കുന്ന ഡോ.സിന്ധു.വി ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ് )തസ്തികയിലെ പൊതുസ്ഥലമാറ്റ അപേക്ഷയിൽ 08 ഓപ്ഷനുകൾ സമർപ്പിച്ചിരുന്നു .

a ) **<u>ജനറൽ ആശുപത്രി,കോഴിക്കോട്</u>** :- ടി സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്ന ഡോ.ഷാജ് കുമാർ .എ.കെ -യ്ക്ക് SC Protection ഉള്ളതിനാൽ ആണ് പ്രസ്തുത സ്ഥാപനത്തിലേക്ക് ടിയാനെ പരിഗണിക്കാതിരുന്നത്.

b) **<u>കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി</u>** :-ടി സ്ഥാപനത്തിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഡോ.പദ്മകുമാർ.പി മലപ്പുറം ജില്ലയിൽ നിന്നും 17/5/2022 മുതലാണ് ഈ സ്ഥാപനത്തിൽ ജോലി ചെയ്തു വരുന്നത്. ആയതിനാൽ പ്രസ്തുത സ്ഥാപനത്തിലേക്കുള്ള സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കുവാൻ നിർവാഹമില്ല .

c)**<u>താലൂക്കാസ്ഥാന ആശുപത്രി,ഫെറോക്ക്</u>** :- 26/06/2019 മുതൽ വയനാട് ജില്ലയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.ഹബീബ്.എ യെ പരിഗണിച്ചു .

d) **<u>കൊയിലാണ്ടി താലൂക്കാസ്ഥാന ആശുപത്രി</u>** :- 05/2/2021 മുതൽ മലപ്പുറം ജില്ലയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.പ്രിയ .വി.എസ് നെ പരിഗണിച്ചു .

e ) **<u>താലൂക്കാശുപത്രി പേരാമ്പ്ര :</u>** - ഡോ.സിന്ധു.വി സേവനമനുഷ്ഠിക്കുന്ന കുറ്റിയാടി താലൂക്കാശുപത്രിയും, താലൂക്കാശുപത്രി പേരാമ്പ്രയും 15

കിലോമീറ്റർ ചുറ്റളവിൽ ഉള്ള സ്റ്റേഷനുകൾ ആയതിനാൽ അവകൾ ട്രാൻഫർ നോംമ്സ് പ്രകാരം **same station** ആയി കണക്കാക്കേണ്ടി വരും. ടി സ്ഥാപനത്തിലേക്ക് **02/02/2021** മുതൽ കൊയിലാണ്ടി താലൂക്കാശുപത്രിയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.രമ്യ രവീന്ദ്രൻ അപേക്ഷിച്ചിരുന്നതിനാൽ ആണ് ടിയാനെ പരിഗണിച്ചത്.

**f** ) <u>താലൂക്കാശുപത്രി ബാലുശ്ശേരി</u> :-ടി സ്ഥാപനത്തിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഡോ.ആനന്ദ് ജെയിംസ് കണ്ണൂർ ജില്ലയിൽ നിന്നും **18/5/2022** മുതലാണ് ഈ സ്ഥാപനത്തിൽ ജോലി ചെയ്തു വരുന്നത് . ആയതിനാൽ പ്രസ്തുത സ്ഥാപനത്തിലേക്കുള്ള സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കുവാൻ നിർവാഹമില്ല.

**g** ) <u>ജില്ലാ ആശുപത്രി,വടകര</u> :-ടി സ്ഥാപനത്തിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഡോ.ബിനോയ്.വി മലപ്പുറം ജില്ലയിൽ നിന്നും **30/5/2022** മുതലാണ് ഈ സ്ഥാപനത്തിൽ ജോലി ചെയ്തു വരുന്നത് . ആയതിനാൽ പ്രസ്തുത സ്ഥാപനത്തിലേക്കുള്ള സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കുവാൻ നിർവാഹമില്ല.

**h** ) <u>താലൂക്കാസ്ഥാന ആശുപത്രി താമരശ്ശേരി</u> :- ടി സ്ഥാപനത്തിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഡോ.ഷാഹിദ .കെ .ആർ മലപ്പുറം ജില്ലയിൽ നിന്നും **06/6/2023** മുതലാണ് ഈ സ്ഥാപനത്തിൽ ജോലി ചെയ്തു വരുന്നത് . ആയതിനാൽ പ്രസ്തുത സ്ഥാപനത്തിലേക്കുള്ള സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കുവാൻ നിർവാഹമില്ല.

മേൽ പരാമർശിച്ച കാരങ്ങളാൽ ആണ് ഡോ.സിന്ധു.വി യുടെ **2024** ലെ പൊതുസ്ഥലമാറ്റ അപേക്ഷ പരിഗണിക്കാൻ സാധിക്കാതിരുന്നത് . ഡോസിന്ധു.വി യ്ക്ക് **Spouse of Non-resident Keralites-protection** ഉണ്ടെന്നു നിവേദനത്തിൽ പറയുന്നു.എന്നാൽ ടിയാൻ **03/11/2014** മുതൽ **05/5/2020** വരെ വൈത്തിരി താലൂക്കാസ്ഥാന ആശുപത്രിയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളതിനാൽ ആയത് പരിഗണിക്കുവാൻ നിർവാഹമില്ല. ടിയാളെക്കാളും ജൂനിയർ ആയ ഡോ.ധന്യ നാരായണന് **15** കിലോമീറ്റർ

ഉള്ളിൽ ഡോ.സിന്ധു.വി സേവനമനുഷ്ഠിക്കുന്ന കുറ്റിയാടി താലൂക്കാസ്ഥാന ആശുപത്രിയിലേയ്ക്ക് പരിഗണിച്ചു എന്ന് ഹർജിയിൽ പറഞ്ഞിരിക്കുന്നു.കുറ്റ്യാടി താലൂക്കാശുപത്രിയിലേയ്ക്ക് പൊതുസ്ഥലമാറ്റത്തിനായി **eligible** ആയ മറ്റ് അപേക്ഷകൾ ഒന്നും ഇല്ലാതിരുന്നതിനാലാണ് ഡോ.ധന്യ നാരായണനെ പരിഗണിച്ചത്.

**4. പരാമർശം 3-ലെ Annexure A9 (OA(EKM) No. 1047/24) നിവേദനത്തിൽ താഴെപ്പറയുന്ന വാദങ്ങളാണ് ഹർജിക്കാരി (Dr.Sucharitha.M.M) ഉന്നയിച്ചിരിക്കുന്നത്.**

(i). **2024** ലെ ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ് ) തസ്തികയിലെ പൊതുസ്ഥലംമാറ്റത്തിനായി താൻ താഴെപറയുന്ന സ്ഥാപനങ്ങളിലേക്ക് ഓപ്ഷൻ നൽകിയിരുന്നു.

**1.ജനറൽ ആശുപത്രി,കോഴിക്കോട്**

**2.താലൂക്കാസ്ഥാന ആശുപത്രി,കൊയിലാണ്ടി**

**3.താലൂക്കാസ്ഥാന ആശുപത്രി,ഫറോക്ക്**

ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ് ) തസ്തികയിലെ പൊതുസ്ഥലംമാറ്റത്തിന്റെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ തനിക്ക് കണ്ണൂർ ജില്ലയിലെ ഇരിക്കൂർ സാമൂഹികാരോഗ്യ കേന്ദ്രമായിരുന്നു അനുവദിച്ചത്.ആയതിനെതിരെ താൻ ഹർജി സമർപ്പിച്ചു. എന്നാൽ ഹർജി പരിഗണിക്കാതെ പരാമർശം **5** ഉത്തരവിൽ ഗവ.ട്രൈബൽ ഹോസ്പിറ്റൽ നല്ലൂർനാട് സ്ഥലമാറ്റി ഉത്തരവായി. **2024** ലെ പൊതുസ്ഥലംമാറ്റത്തിനായി സമർപ്പിച്ചിട്ടുള്ള ഓപ്ഷനുകളിലേയ്ക്ക് സ്ഥലമാറ്റം ലഭിക്കുന്നതിന് തനിക്ക് താഴെ പറയുന്ന മുൻഗണനകൾ ഉണ്ട്.

***Inter caste Marriage Protection**

*വിരമിക്കൽ തീയതി - **30/9/2026**

***Spouse employee**

* Retinal detachment സർജറി കഴിഞ്ഞതിനാൽ ആയതിനുള്ള checkup നടത്തണമെങ്കിൽ കോഴിക്കോട് ജില്ലയിൽ തന്നെ നിലനിർത്തണം.

ആയതിനാൽ പൊതുസ്ഥലംമാറ്റത്തിന്റെ ടിയാളുടെ അപേക്ഷ പരിഗണിക്കണമെന്നുമാണ് അപേക്ഷകയുടെ ആവശ്യം.

5. മേല്പറഞ്ഞ വാദഗതികൾ വിശദമായി പരിശോധിച്ചു.

ജനറൽ ആശുപത്രി,കോഴിക്കോട് നിലവിൽ സേവനമനുഷ്ഠിക്കുന്ന ഡോ.ഷാജ് കുമാർ .എ.കെ -യ്ക്ക് SC Protection ഉള്ളതിനാൽ പ്രസ്തുത സ്ഥാപനത്തിലേക്ക് ടിയാനെ പരിഗണിക്കുവാൻ നിർവാഹമില്ല. സ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഡോ.പ്രിയ.വി .എസ് നെ (station seniority from 05/2/2021) കൊയിലാണ്ടി താലൂക്കാസ്ഥാന ആശുപത്രിയിൽ പരിഗണിച്ചു. ഡോ.സുചരിത.എം.എം 12/2/2021 മുതലാണ് നിലവിലെ സ്റ്റേഷനിൽ ജോലിചെയ്യുന്നത്. താലൂക്കാസ്ഥാന ആശുപത്രി,ഫെറോക്ക് - ൽ 26/6/2019 മുതൽ വയനാട് ജില്ലയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.ഹബീബ്.എ യെ പരിഗണിച്ചു .ഡോ.സുചരിത.എം.എം 28/06/2007 മുതൽ 26/11/2020 വരെ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളതിനാൽ മുൻഗണയ്ക്ക് അർഹതയില്ല.
Retinal detachment സർജറി പൊതുസ്ഥലമാറ്റത്തിനായുള്ള GO(P) 3/2017/PARD dated 25-02-2017-നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള മുൻഗണനാക്രമത്തിൽപ്പെടുന്നതല്ല .

**6. പരാമർശം 4-ലെ Annexure A5 (OA(EKM) No. 1048/24 ) നിവേദനത്തിൽ താഴെപ്പറയുന്ന വാദങ്ങളാണ് ഹർജിക്കാരി (Dr.Bhavitha.S.Devan ) ഉന്നയിച്ചിരിക്കുന്നത്.**

(i). 19/6/2023 മുതലാണ് താൻ നിലവിലെ സ്ഥാപനമായ പാലക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ സേവനമനുഷ്ഠിച്ചു വരുന്നത്. എന്നാൽ പരാമർശം 5 പ്രകാരമുള്ള ഉത്തരവിൽ തന്നെ

ട്രൈബൽ സ്പെഷ്യലിറ്റി ആശുപത്രി കോട്ടത്തറയിലേക്ക് ട്രാൻസ്ഫർ ചെയ്തു ഉത്തരവായിരിക്കുന്നു. **Difficult rural area** ആയ പ്രസ്തുത സ്ഥാപനത്തിൽ താൻ മുന്നേ ജോലി ചെയ്തിട്ടുണ്ട്. ട്രൈബൽ സ്പെഷ്യലിറ്റി ആശുപത്രി കോട്ടത്തറയിൽ നിലവിൽ സേവനമനുഷ്ഠിച്ചിരുന്ന പരാമർശം **5** പ്രകാരം സ്ഥലമാറ്റം നൽകിയ മെഡിക്കൽ ഓഫീസർ പ്രസ്തുത സ്ഥാപനത്തിൽ ഒരു വർഷം പൂർത്തിയായിട്ടില്ല .രണ്ടു ചെറിയ കുട്ടികളാണ് തനിക്ക് ഉള്ളത് .അക്കാദമിക് വർഷം തുടങ്ങിയതിനാലും നിലവിലെ സ്റ്റേഷനിൽ **3** വർഷം പൂർത്തിയാകാത്തതിനാലും നിലവിലെ സ്റ്റേഷനിൽ നിലനിർത്തണം എന്നാണ് അപേക്ഷകയുടെ ആവശ്യം.

7. മേല്പറഞ്ഞ വാദഗതികൾ വിശദമായി പരിശോധിച്ചു.

ഡോ .ഭവിത.എസ് .ദേവൻ **16/06/2019** മുതൽ **16/06/2023**വരെ **TALUK HOSPITAL ELAPPULLY**-യിലും **19/06/2023** മുതൽ പാലക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലും സേവനമനുഷ്ഠിച്ചുവരുന്നു. ഈ രണ്ടു സ്റ്റേഷനുകൾ **15** കിലോ മീറ്ററിനുള്ളിൽ സ്ഥിതി ചെയ്യുന്നതിനാൽ അവയിലെ സേവനം **GO(P) 3/2017/P&ARD dated 25-02-2017**-നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരേ സ്റ്റേഷനിലുള്ള സർവ്വീസ് ആയിട്ടാണ് കണക്കാക്കേണ്ടതാണ്. ട്രൈബൽ സ്പെഷ്യലിറ്റി ആശുപത്രി കോട്ടത്തറയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഡോ.പ്രഭീഷ്.വി.കെ യെ **2023**-പൊതുസ്ഥലമാറ്റത്തിൽ **Not opted place**-ൽ സ്ഥലംമാറ്റി നിയമിച്ചിരുന്നു. ആയതിനാൽ ടിയാന്റെ സ്റ്റേഷൻ സീനിയോറിറ്റി **01/01/2019-** ആയി കണക്കാക്കി ടിയാന്റെ ഒന്നാമത്തെ ഓപ്ഷൻ ആയ മലപ്പുറം താലൂക്കാസ്ഥാന ആശുപത്രിയിലേക്ക് സ്ഥലംമാറ്റി. പാലക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേക്ക് ആലത്തൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ **03/2/2021** മുതൽ സേവനമനുഷ്ഠിക്കുന്ന ഡോ.ദീപ്തി.കെ .പ്രഭാകരൻ അപേക്ഷിച്ചിരുന്നതിനാൽ ഡോ .ഭവിത.എസ് .ദേവനെ ടിയാളുടെ സ്ഥാപനത്തിൽ നിന്നും സ്ഥലം മാറ്റേണ്ടതായി വന്നു.

**8.** മേൽപ്പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ പരാമർശം **2,3,4** പ്രകാരമുള്ള ഹർജികളിലെ ആവശ്യം അനുവദിക്കുവാൻ കഴിയില്ല. ആയതുകൾ നിരസിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

**9.** ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം **1** വിധിന്യായം ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

Signed by
Reena K J
Date: 22-08-2024 13:29:56

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: **1.**ഡോ.സിന്ധു.വി ,ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ്), താലൂക്കാശുപത്രി,കുറ്റ്യാടി,കോഴിക്കോട്
**2.**ഡോ.സുചരിത.എം.എം ,ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ്), സി.എച്ച്.സി പാപ്പിനിശ്ശേരി ,കണ്ണൂർ
**3.**ഡോ.ഭവിത.എസ്.ദേവൻ , ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ്), സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ,പാലക്കാട്

പകർപ്പ് : **1)**അഡ്വക്കേറ്റ് ജനറൽ ,എറണാകുളം (ആമുഖ കത്ത് സഹിതം)
**2)**ജില്ലാ മെഡിക്കൽ ഓഫീസർ (ആ),കോഴിക്കോട് /കണ്ണൂർ/പാലക്കാട്